**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342 — 15.03.2018 -ൽ മറുപടിക്ക്

## ടൂറിസം മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി.ടി. ബൽറാം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം മേഖലയിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ; | എ) ടൂറിസം മേഖലയിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിന് വിവിധ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്നു. കിറ്റ്സ്, KIHMCT, FCI എന്നീ സ്ഥാപനങ്ങൾ പുതിയ ടൂറിസം കോഴ്സുകൾ നടപ്പിലാക്കുന്നു. പുതിയ ടൂറിസം സെന്ററുകൾ വികസിപ്പിച്ച്, അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി കൂടുതൽ സംരംഭകരെ ടൂറിസം മേഖല യിൽ ഒരുക്കുന്നു. ഹോംസ്റ്റേകൾ, ഹോട്ടലു കൾ, ഹൗസ് ബോട്ടുകൾ, എന്നിവയടക്കം ടൂറിസം മേഖലയിൽ കൂടുതൽ സംരംഭകരെ ഉറപ്പു വരുത്തുന്നു. കല, സംസ്കാരം, ഗ്രാമീണ വികസനം എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതികൾ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ളവയാണ്. കേരളത്തിൽ 12 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖാന്തിരം പ്രതിവർഷം റഗുലർ കോഴ്സുകളിൽ പഠിക്കുന്ന 1400 കുട്ടികൾ പഠനം പൂർത്തിയാക്കുമ്പോൾ കേരളത്തിലും പുറത്തുമുള്ള പ്രമുഖ ഹോട്ടലുകളിൽ ക്യാമ്പസ് സെലക്ഷൻ വഴി ജോലി ലഭ്യമാകുന്നു. കൂടാതെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഹ്രസ്വകാല കോഴ്സുകൾ പൂർത്തിയാക്കുന്ന 500 പേർക്കും പ്രതിവർഷം ജോലി സാധ്യതയുണ്ട്. ഇത് ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | ഇതിൽ ഉത്തരവാദിത്ത ടൂറിസം മിഷനു വിവിധ പ്രവർത്തനങ്ങളുടെ ചുമതല നിശ്ചയിച്ചു നൽകിയിട്ടുണ്ട്. |
| ബി) ഇക്കാര്യത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) ടൂറിസം വ്യവസായ സ്ഥാപനങ്ങളിലെ നേരിട്ടുള്ള വിവിധ തൊഴിലുകൾ, സംരംഭകത്വം, ടൂറിസം അനുബന്ധ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിപണനം, താമസസൗകര്യം ഒരുക്കൽ, ടൂർ പാക്കേജിങ്, അനുബന്ധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം-വിപണനം, മാലിന്യ സംസ്കരണം, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവയെല്ലാം അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകളായി കണ്ടെത്തിയിട്ടുണ്ട്. ഇതിന് പുറമെ ഒരു ഓൺലൈൻ ഹ്യൂമൻ റിസോർസ് ഡയറക്ടറിയും ആർ.ടി. മിഷൻ തയ്യാറാക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിദഗ്ധ-അവിദഗ്ധ തൊഴിലുകൾ ലഭ്യമാകാൻ യോഗ്യതയുള്ള പരമാവധി ആളുകളുടെ വിവരങ്ങളുമായി ഒരു ഹ്യൂമൻ റിസോർസ് ഡയറക്ടറി ജില്ല തിരിച്ച് ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതൊരു ഓൺലൈൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ നേതൃത്വത്തിൽ ടെണ്ടഡ് അക്കോമൊഡേഷനുകളെയും, ഫാംസ്റ്റേകൾ, ഗൃഹസ്ഥലികൾ, സർവ്വീസ്ഡ് വില്ലകൾ എന്നിവയും പ്രോൽസാഹിപ്പിക്കുന്ന നടപടികളും മിഷൻ കൈക്കൊണ്ടിട്ടുണ്ട്. ടൂർ കൺസൾട്ടൻസി, ടൂർ ഗൈഡിങ്, സ്റ്റോറി ടെല്ലിംഗ്, നാച്ചുറലിസ്റ്റ്, ബേർഡ് വാച്ചിംഗ് എസ്കോർട്ട് എന്നിവയും പദ്ധതിയിൽ ഉണ്ട്. |
| സി) കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് സ്ഥാപിക്കുന്ന | സി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായും പ്രാദേശികതലത്തിലും പ്രവർത്തിച്ചു വരുന്ന |

| | |
|---|---|
| നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതുമൂലം ടൂറിസം രംഗത്ത് പ്രതീക്ഷിക്കുന്ന മുന്നേറ്റ മെന്താണെന്ന് വ്യക്തമാക്കുമോ; | ചെറുതും വലുതുമായ സംരംഭങ്ങളെ കൂട്ടിയിണക്കി കേരള ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക് എന്ന ഓൺ ലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനുള്ള പ്രാദേശിക ഡേറ്റ കളക്ഷൻ, ആർ.ടി. മിഷൻ മുഖാന്തിരം ആരംഭിച്ചിട്ടുണ്ട്. ജൈവ കാർഷിക വിഭവങ്ങൾ, കരകൗശല വസ്തുക്കൾ, സോവനീറുകൾ, കൈത്തറി ഉൽപ്പന്നങ്ങൾ, വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, തുണിസഞ്ചികൾ, പേപ്പർ ബാഗുകൾ, എന്നിങ്ങനെ കേരളത്തിലെ എല്ലാ പ്രാദേശിക ഉൽപ്പന്നങ്ങളെയും ടൂറിസം വ്യവസായത്തിനും ടൂറിസ്റ്റുകൾക്കും, മലയാളി കുടുംബങ്ങൾക്കും ഓൺലൈൻ ഓർഡർ വഴി ലഭ്യ മാക്കാൻ വേണ്ടിയാണ് ഈ സൗകര്യം ഒരുക്കുന്നത്. ഇതിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കി വരുന്നു. 2018 ഏപ്രിൽ അവസാനത്തോടെ ഈ സംവിധാനം പ്രവർത്തിപ്പിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.<br>ടൂറിസം രംഗത്ത് പ്രാദേശിക ഉൽപ്പന്നങ്ങൾ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുള്ള സാഹചര്യവും ഓൺലൈൻ നെറ്റ് വർക്ക് സംവിധാനം നിലവിൽ വരുന്നതോടെ ഒരുങ്ങുന്നതാണ്. കേരളത്തിന്റെ തനതു കരകൗശല - സുവനീർ ഉൽപ്പന്നങ്ങൾക്ക് ടൂറിസം മേഖലയിൽ മെച്ചപ്പെട്ട വിപണനം ഇതുവഴി ഉറപ്പ് വരുത്താനാകും. പ്രാദേശിക ഉൽപ്പാദനം, പ്രാദേശിക സംഭരണം, മെച്ചപ്പെട്ട വിപണന സാധ്യതയൊരുക്കൽ എന്ന ഉത്തരവാദിത്ത ടൂറിസത്തിന്റെ കാഴ്ചപ്പാട് കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനായി ഈ പ്ലാറ്റ്ഫോം ഉപകരിക്കുമെന്ന് കരുതുന്നു. ഉത്തരവാദിത്ത ടൂറിസ വുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് കിറ്റ്സിലുള്ള RT സ്കൂളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഡി) ഈ മേഖലയിൽ കിറ്റ്സിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) 2011 മുതൽ 2017 മാർച്ച് വരെ ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയത് കിറ്റ്സ് മുഖാന്തിരമാണ്. പ്രസ്തുത കാലയളവിൽ 13 കോടിയുടെ വരുമാനവും 1206 പേർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. ഏകദേശം 1500 ൽപ്പരം കുടുംബങ്ങൾക്ക് ടൂറിസം വഴി പ്രയോജനം ലഭിച്ചു. |

സെക്ഷൻ ഓഫീസർ